397
Pages 12

# ഹാലേലൂയ്യ

1-15 MAY, 2013 • ക്രൈസ്തവ ദ്വൈവാരിക

Published From Thiruvalla Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96

Price Rs. 10/-

## ശുശ്രൂഷകന്മാരുടെ മക്കൾക്ക് സംഘടന

# ഇമ്മാനുവേൽ ജനറേഷൻ


**പാസ്റ്റർ വി.പി.ഫിലിപ്പ്**
പ്രസിഡന്റ്


**ഡോ.ജയ്സൺ തോമസ്**
സെക്രട്ടറി


**ഷെറിൻ ജേക്കബ്**
ട്രഷറാർ


**പാസ്റ്റർ വിത്സൺ ജോസഫ്**
ഓവർസീസ് ചെയർമാൻ


**പാസ്റ്റർ ജോബ് ജേക്കബ്**
വൈസ് ചെയർമാൻ


**സുവി. സാംകുട്ടി ചാക്കോ**
വൈസ് പ്രസിഡന്റ്


**പാസ്റ്റർ പ്രിൻസ് തുണ്ടത്തിൽ**
വൈസ് പ്രസിഡന്റ്


**പാസ്റ്റർ സാംകുട്ടി ജോൺ**
വൈസ് പ്രസിഡന്റ്


**പാസ്റ്റർ ഷിബു കെ.മാത്യു**
വൈസ് പ്രസിഡന്റ്

തിരുവല്ല: വിവിധ പെന്തെക്കോസ്ത് സഭകളിലെ സുവിശേഷകന്മാരുടെ മക്കളുടെ കൂട്ടായ്മയായ "ഇമ്മാനുവേൽ ജനറേഷൻ അസോസിയേഷൻ ഫോർ മിനിസ്റ്റേഴ്സ് ചിൽഡ്രൻ എംപവർമെന്റ്'' (എ.എം.സി.ഇ) ഉദ്ഘാടനവും ഏകദിന ക്യാമ്പും മെയ് 18-ന് തിരുവല്ല ബിലീവേഴ്സ് യൂത്ത് സെന്ററിന്റെ ആഡിറ്റോറിയത്തിൽ നടക്കും. പാസ്റ്റർ ടി.എസ്. ഏബ്രഹാം ഉദ്ഘാടനം ചെയ്യും.

ജനറൽ പ്രസിഡന്റായി പാസ്റ്റർ വി.പി.ഫിലിപ്പിനെയും, ജനറൽ സെക്രട്ടറിയായി ഡോ.ജയ്സൺ തോമസിനെയും, ട്രഷറാറായി ഷെറിൻ ജേക്കബിനെയും തിരഞ്ഞെടുത്തു. പാസ്റ്റർമാരായ ഷിബു കെ. മാത്യു, പ്രിൻസ് തുണ്ടത്തിൽ, സാംകുട്ടി ചാക്കോ നിലമ്പൂർ, സാംകുട്ടി ജോൺ ചിറ്റാർ (വൈസ് പ്രസിഡന്റുമാർ), പാസ്റ്റർ ജോമോൻ ജേക്കബ് (അസോ. ജനറൽ സെക്രട്ടറി), പാസ്റ്റർ ക്രിസ്റ്റഫർ വർഗീസ്, ജസ്റ്റിൻ നെടുവേലിൽ, സാം റ്റി.കോശി, ജിബിൻ ഫിലിപ്പ്, ജിബിൻ ജോൺസൺ (ജോ.സെക്രട്ടറിമാർ), ഫ്ളെമി ഏബ്രഹാം (പി.ആർ.ഒ), ഷെബുവേൽ മാത്യു (പബ്ലിസിറ്റി കൺവീനർ), പാസ്റ്റർ സാം പനച്ചിയിൽ (മീഡിയാ കൺവീനർ), ലിജോഷ് കെ.ആൻഡ്രൂസ് (ഇവന്റ് കോർഡിനേറ്റർ) എന്നിവരാണ് മറ്റ് ഭാരവാഹികൾ.

പാസ്റ്റർ വിത്സൺ ജോസഫ് ഓവർസീസ് ചെയർമാനായും, പാസ്റ്റർ ജോബ് ജേക്കബ് വൈസ് ചെയർമാനായും പ്രവർത്തിക്കും. മാതാപിതാക്കൾ സുവിശേഷീകരണത്തിലും സഭാസ്ഥാപനത്തിലും മുഴുകുമ്പോൾ ഒറ്റപ്പെടുകയോ ശ്രദ്ധിക്കപ്പെടാതിരിക്കയോ ചെയ്യുന്ന തലമുറകൾക്ക് ആത്മികവും ഭൗതികവുമായ ദിശാബോധം നൽകുക എന്നതാണ് ഇമ്മാനുവേൽ ജനറേഷന്റെ ലക്ഷ്യം. ബുദ്ധിമുട്ടനുഭവിക്കുന്ന സുവിശേഷകന്മാരുടെ മക്കൾക്ക് സ്കോളർഷിപ്പ് നൽകുക, കൗൺസലിംഗ്, കരിയർ ഗൈഡൻസ്, മിഷൻ ചലഞ്ച്, ഇന്റർനാഷണൽ കോൺഫ്രൻസ് ആന്റ് ഫെലോഷിപ്പ് തുടങ്ങിയവ സംഘടനയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽപ്പെടുന്നു. ജില്ലാ അടിസ്ഥാനത്തിൽ സമിതികളും സംസ്ഥാന അന്തർദേശീയ തലങ്ങളിൽ ചാപ്റ്ററുകളും രൂപീകരിക്കും.

# കുമ്പനാട് ഉപവാസം മൂന്നാം വാരത്തിൽ

കുമ്പനാട്: ഐ.പി.സി.ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണിന്റെ നേതൃത്വത്തിൽ സഭാ ആസ്ഥാനത്ത് നടക്കുന്ന ഉപവാസ പ്രാർത്ഥന മൂന്നാം ആഴ്ചയിലേക്ക് കടന്നു. ഏപ്രിൽ 16-ന് ഐ.പി.സി. ജനറൽ മിനിസ്റ്റർ പാസ്റ്റർ ടി.എസ്.ഏബ്രഹാം ഉദ്ഘാടനം ചെയ്ത ഉപവാസ പ്രാർത്ഥന മെയ് 25-നാണ് സമാപിക്കുന്നത്.

ജനറൽ പ്രസിഡന്റിനോടൊപ്പം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ അൻപതോളം പേർ പൂർണ്ണസമയ ഉപവാസത്തിലാണ്. തുടക്കദിവസങ്ങൾ മുതൽ ഹെബ്രോൻപുരത്തേക്ക് ജനങ്ങൾ ഒഴുകിയെത്തുകയാണ്. ഓരോ മീറ്റിങ്ങിലും വർദ്ധിച്ചു വരുന്ന ജനപങ്കാളിത്തം അവസാന പത്തു ദിവസങ്ങളിൽ കുമ്പനാട് കൺവൻഷന്റെ പ്രതീതിയിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പാസ്റ്റർമാരായ ജേക്കബ് ജോണിനേക്കൂടാതെ ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി.ജോണും സ്റ്റേറ്റ് നേതാക്കളും പ്രാർത്ഥനക്ക് നേതൃത്വം നൽകുന്നു. വിവിധ സ്റ്റേറ്റുകളിൽ നിന്നും അമേരിക്കയിൽ നിന്നും ഗൾഫ് രാജ്യങ്ങളിൽ നിന്നും ദൈവദാസന്മാർ കുമ്പനാട്ടെത്തി ശുശ്രൂഷിച്ചു കൊണ്ടിരിക്കുന്നു. ഐ.പി.സി.നേതാക്കൾക്ക് പുറമേ സഹോദരസഭകളുടെ നേതാക്കളും കുമ്പനാട്ട് എത്തിത്തുടങ്ങി. കുമ്പനാട്ടെത്തുന്ന പ്രമുഖ സഭാ നേതാക്കൾക്കെല്ലാം ശുശ്രൂഷാ അവസരം ഉണ്ടാകുമെന്ന് സെക്രട്ടറി അറിയിച്ചു.

രാവിലെ പത്തു മണി, ഉച്ചക്ക് രണ്ടര, വൈകിട്ട് അഞ്ചര എന്നിങ്ങനെ മൂന്ന് യോഗങ്ങളാണ് ഓരോ ദിവസവും നടക്കുന്നത്. നിരവധി പ്രവാചക ശുശ്രൂഷകരും കൃപാവരപ്രാപ്തരും യോഗങ്ങളിൽ പങ്കെടുക്കുന്നു. തമിഴ്നാട്ടിൽ നിന്നുള്ള പ്രമുഖ ഉണർവ്വ് പ്രസംഗകരായ റവ. വിനിൽ സതീഷ്, റവ.ഡഗ്ലി തങ്കയ്യ എന്നിവർ ഇതിനകം ശുശ്രൂഷിച്ചു കഴിഞ്ഞു. മറ്റു നിരവധി തമിഴ് പ്രസംഗകരും കുമ്പനാട്ടെത്തുന്നുണ്ട്.

യോഗങ്ങളിൽ വ്യക്തിപരമായ രോഗസൗഖ്യങ്ങളും ഭൂതശാന്തിയും ഉണ്ടാകുന്നു. നിരവധിപ്പേർ ഇതിനകം സൗഖ്യം പ്രാപിച്ചു. കൗൺസിൽ അംഗങ്ങളുൾപ്പെടെ പലരും ആത്മാഭിഷേകം പ്രാപിച്ചതും പ്രകടമായ ദൈവപ്രവർത്തിയുടെ തെളിവാണ്.


ഐ.പി.സി. ജനറൽ കൗൺസിലിന്റെ ഔദ്യോഗിക വാർത്താപത്രിക 'റൂഹ്' പ്രകാശനം. ആദ്യകോപ്പി ഏറ്റുവാങ്ങിയ ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് ജനറൽ സെക്രട്ടറി റവ. ആർ. ഏബ്രഹാം ഉയർത്തി കാണിക്കുന്നു. റവ. ജേക്കബ് ജോണും റവ. കെ.സി.ജോണും സമീപം. ജനറൽ കൗൺസിൽ അംഗം പീറ്റർ മാത്യു വല്യത്ത് പബ്ലിക്കേഷൻ ഡിപ്പാട്ടുമെന്റിന്റെ ചുമതല വഹിക്കുന്നു.

# റവ.ജേക്കബ് പി.ജോൺ നിര്യാതനായി



വിജയവാഡ: ആന്ധ്രാ പ്രദേശിലെ വിജയവാഡയിൽ പതിനായിരത്തിലധികം വിശ്വാസികളുള്ള ഫിലദൽഫ്യാ അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ സ്ഥാപകനും ശുശ്രൂഷകനുമായ റവ.ജേക്കബ് പി.ജോൺ (67) ഏപ്രിൽ 18-ന് നിര്യാതനായി. സംസ്ക്കാരം റവ.പി.എസ്. ഫിലിപ്പിന്റെ നേതൃത്വത്തിൽ വിജയവാഡയിൽ നടന്നു. സംസ്ക്കാര ശുശ്രൂഷയിൽ പതിനായിരങ്ങൾ പങ്കെടുത്തു.

വളഞ്ഞവട്ടം പൊൻവേലിൽ കുടുംബത്തിൽ നിന്നും മൂന്നര പതിറ്റാണ്ടുകൾക്ക് മുമ്പ് ആന്ധ്രയിലെത്തിയ പാസ്റ്റർ ജേക്കബ് ജോൺ ആരംഭിച്ച ഫിലദൽഫ്യാ ചർച്ച് വളർച്ച നേടുകയായിരുന്നു. ഇപ്പോൾ മകനും ഉണർവ്വ് പ്രസംഗകനുമായ പാസ്റ്റർ ചാൾസ് ജേക്കബ് സഭക്ക് നേതൃത്വം നൽകുന്നു.

മുൻ എ.ജി.സൂപ്രണ്ട് റവ.പി.എസ്.ഫിലിപ്പിന്റെ സഹോദരി ലീലാമ്മയാണ് ഭാര്യ. മക്കൾ റവ.ചാൾസ് ജേക്കബ്, ബ്ലസൻ ജേക്കബ്, ഷേർളി, ഭർത്താവ് എബിൻ(കാനഡ).

# വിശക്കുന്നവർക്ക് ആഹാരവുമായി ഒരു സ്ത്രീ കൂട്ടായ്മ



ഛത്തീസ്ഗഢിന്റെ തലസ്ഥാനമായ റായ്പ്പൂർ പട്ടണത്തിന്റെ ഭാഗമായ അമേലേഡിയിൽ വിശന്ന വയറുകൾക്ക് ഒരു നേരത്തെ ഭക്ഷണമൊരുക്കുന്ന സഹോദരിമാർ മാതൃകയാകുന്നു. 17 വർഷമായി പട്ടണത്തിൽ പ്രവർത്തിക്കുന്ന ഇമ്മാനുവൽ ഫെലോഷിപ്പ് സഭയിലെ സഹോദരിമാരാണ് പൊതിച്ചോറുമായി വിശക്കുന്നവരെ തിരക്കിയിറങ്ങുന്നത്.

ഉത്തരേന്ത്യൻ പട്ടണപ്രാന്തങ്ങളിലും റയിൽവേ സ്റ്റേഷൻ പരിസരങ്ങളിലുമെല്ലാം വിശന്ന മനുഷ്യരുടെ ദയനീയ കാഴ്ചകൾ സാധാരണമാണ്. അലഞ്ഞു തിരിഞ്ഞ് തെരുവിൽ ജീവിക്കുന്നവർ, തെരുവു ബാലകർ, യാചകർ തുടങ്ങി ധാരാളം പേർ. മാലിന്യ കൂമ്പാരങ്ങളിൽ നായ്ക്കളോട് മത്സരിച്ച് ഭക്ഷണാവശിഷ്ടങ്ങൾക്കായി പരതുന്ന ദയനീയ കാഴ്ച സമ്പന്നതയിലേക്ക് കുതിക്കുന്ന ഭാരതത്തിന്റെ വികൃതമായ മറ്റൊരു മുഖമാണ്.

ഈ ദയനീയ കാഴ്ച കണ്ട് നിസ്സംഗതയോടെ തല തിരിച്ച് കടന്നു

(ശേഷം 2-ാം പേജ്)

# ദൈവത്തിനു ഇനിയും വേണം, കുറെ ചെകിടന്മാരെ...

രസകരമായ ഒരു കൊച്ചു കഥ പറയാം. കുറെ കുഞ്ഞൻ തവളകളുടെ വാശിയേറിയ ഒരു മത്സരത്തിന്റെ കഥ. ഈ കഥ ചെറുതാണെങ്കിലും ഇതിൽ ഉള്ളടങ്ങിയിട്ടുള്ള പാഠം വളരെ വലുതാണ്. വാസ്തവത്തിൽ ഇതിലെ പാഠം നാം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കിയാൽ കഴിഞ്ഞകാലങ്ങളിൽ നമുക്കു ഭവിച്ച ചില പരാജയങ്ങൾ ഭാവിയിൽ ഒഴിവാക്കാം!

ഒരു കുളത്തിൽ കുറെ കുഞ്ഞൻ തവളകൾ ഉണ്ടായിരുന്നു. പച്ചയും നീലയും വെളുപ്പും കലർന്ന നിറമുള്ള ആ തവളക്കുഞ്ഞുങ്ങളെ കാണുന്ന ആരും പെട്ടെന്ന് കണ്ണുപറിക്കില്ലായിരുന്നു. വെയിലാറുന്ന നേരം അവ വെള്ളത്തിൽ നിന്നും വെളിയിൽ വന്ന് കുളക്കടവിലെ ഉരുളൻ കല്ലുകളിൽ ചാടിക്കളിക്കുക പതിവാണ്.

ഒരു ദിവസം അവരുടെ നേതാവു ചോദിച്ചു: ആ ഉയരമുള്ള പാറക്കെട്ടിന്റെ മുകളിൽ കയറുവാൻ ആർക്കുണ്ട് ധൈര്യം? കുറേ കുഞ്ഞന്മാർ ഞാൻ കയറാം, ഞാൻ കയറാം എന്നു ആർപ്പിട്ടു. നേതാവ് മത്സരത്തിനായി തയ്യാറായ ഒമ്പതുപേരെ നിരത്തി നിർത്തി. കാര്യമറിയാതെ മറ്റൊരു തവളക്കുഞ്ഞുകൂടെ എങ്ങനെയോ ആ കൂട്ടത്തിൽ വന്നു പെട്ടു. നേതാവു വിസിൽ മുഴക്കിയപ്പോൾ മത്സരത്തിനായി തയ്യാറായവർ വാശിയോടെ പാറക്കെട്ടിൽ ചാടിക്കയറാൻ തുടങ്ങി. അവസാനം വന്ന തവളക്കുഞ്ഞും അവരെ അനുകരിച്ചു.

കാഴ്ചക്കാരായി കൂടിനിന്ന തവളകളിൽ മിക്കവയും അവരുടെ പരിശ്രമത്തെ പുച്ഛിച്ചു. ലോകം ഉണ്ടായകാലം മുതൽ ആ പാറക്കെട്ടിൽ ഇന്നുവരെ ഒരു തവളയും കയറിയിട്ടില്ലെന്ന് ചിലർ. വെറുതെ ആരോഗ്യം കളയാതെ അടങ്ങിയിരിക്കാൻ മറ്റു ചിലർ. ഇതെല്ലാം കേട്ട് മനസ്സുമടുത്ത ആറു തവളകൾ തങ്ങളുടെ പരിശ്രമത്തിൽ നിന്നും പിന്മാറി!

വാശിയോടെ ശ്രമം തുടർന്ന നാലുപേർ ആ പാറക്കെട്ടിന്റെ പാതിവഴിയോളമെത്തി. അപ്പോൾ, പിന്തിരിപ്പന്മാർ തങ്ങളുടെ വാക്കുകൾക്ക് ആക്കം വർദ്ധിപ്പിച്ചു! ഉരുളൻ കല്ലിൽ ചാടിക്കയറുന്നതുപോലെ ഈ പാറക്കെട്ടിലേക്കും കയറിക്കളയുമെന്നു കരുതുന്ന ഇവിത്തുങ്ങൾ മൂഢസ്വർഗ്ഗത്തിലാണ്. തലതല്ലി താഴെവീണാൽ തിരിഞ്ഞുനോക്കാനാരും വരില്ല. അഹങ്കാരത്തിനും അതിരുണ്ട്. എന്നിങ്ങനെ പോയ അഭിപ്രായ പ്രകടനങ്ങൾ മൂന്നുപേരെക്കൂടെ താഴയിറക്കി!!

ഒടുവിൽ, കാര്യമറിയാതെ മത്സരത്തിൽ കയറിക്കൂടിയ തവളക്കുഞ്ഞു മാത്രം അവശേഷിച്ചു. അത്, പിന്തിരിപ്പന്മാരെ ശ്രദ്ധിക്കുകപോലും ചെയ്യാതെ ഇഞ്ചോടിഞ്ചു പൊരുതി മുന്നേറിക്കൊണ്ടിരുന്നു. അവസാനം അത് പാറക്കെട്ടിന്റെ മുകളിൽ കയറിപ്പറ്റി! ആരും പ്രതീക്ഷിക്കാത്ത വിജയമാണ് അത് നേടിയത്!!

ആ തവളക്കുഞ്ഞിന്റെ വിജയത്തിന്റെ രഹസ്യം അറിയുമ്പോളാണ് നാം ഞെട്ടുക! അത് ഒരു പൊട്ടൻ തവളയായിരുന്നു! പിന്തിരിപ്പന്മാർ പറഞ്ഞ ഒരു വാക്കുപോലും അത് കേട്ടില്ല! കേട്ടിരുന്നെങ്കിൽ അതും തോറ്റുപിന്മാറുമായിരുന്നു!!

സുഹൃത്തുക്കളേ, ഒരുനിമിഷം തിരിഞ്ഞുചിന്തിക്കൂ. ദൈവം ഭരമേൽപ്പിച്ച ദൗത്യങ്ങളിൽ പലതും നിവർത്തിക്കുവാൻ കഴിയാതെ നാം പിന്മാറിയതിന്റെ കാരണവും ഇതുതന്നെയല്ലേ?

**ഉപമയും ഉൾക്കാഴ്ചയും**

**കെ. എസ്. ഏബ്രഹാം – കടുത്തുരുത്തി**



പിന്തിരിപ്പന്മാരുടെ വാക്കുകൾ നമ്മെ ദൈവിക ലക്ഷ്യങ്ങളിൽ നിന്നും അകറ്റിക്കളഞ്ഞു. ഇവിടെയാണ് നാമും ഒരു ചെകിടനെപ്പോലെ ആകേണ്ടതിന്റെ ആവശ്യകത.

യെരൂശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവച്ചു ചുട്ടും കിടന്നതിനാൽ പതിറ്റാണ്ടുകളായി അപമാനത്തിൽ കഴിഞ്ഞ യഹൂദന്മാരുടെ സ്ഥിതിക്കു പരിഹാരം വരുത്തുവാൻ ദൈവം നെഹമ്യാവിനെ എഴുന്നേൽപ്പിച്ചു. ദൈവകൃപയിൽ ശരണപ്പെട്ടു പണിതുടങ്ങിയ നെഹമ്യാവിനെതിരെ സൻബല്ലത്തും തോബീയാവും ഗേശെമും പരിഹാസവും നിന്ദയും വാക്കുകളിലൂടെ തൊടുത്തുവിട്ടുകൊണ്ട് അവരെ പിന്തിരിപ്പിക്കുവാൻ ശ്രമിച്ചു.

ഈ ദുർബ്ബലന്മാരായ യെഹൂദന്മാർ എന്തു ചെയ്യുവാൻ പോകുന്നു? അവരെ സമ്മതിക്കുമോ അവർ യാഗം കഴിക്കുമോ? ഒരു ദിവസംകൊണ്ടു പണി തീർത്തുകളയുമോ? വെന്തുകിടക്കുന്ന ചണ്ടിക്കൂമ്പാരങ്ങളിൽനിന്ന് അവർ കല്ലു ജീവിപ്പിക്കുമോ എന്നൊക്കെ അവർ പ്രചരണം നടത്തി. മാത്രമല്ല, അവർ എങ്ങനെ പണിതാലും ഒരു കുറുക്കൻ കയറിയാൽ അവരുടെ കന്മതിൽ ഉരുണ്ടുവീഴും എന്നു അവർ പരിഹസിച്ചു. പക്ഷേ, നെഹമ്യാവാകട്ടെ സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്കു കാര്യം സാധിപ്പിക്കും; ആകയാൽ അവിടുത്തെ ദാസന്മാരായ ഞങ്ങൾ എഴുന്നേറ്റു പണിയും എന്നുറച്ചു. പിന്തിരിപ്പന്മാരുടെ നിന്ദയ്ക്കും പരിഹാസത്തിനും മറുപടി നൽകുവാൻ താൻ ബദ്ധപ്പെട്ടിരുന്നെങ്കിൽ ദൈവം ഭരമേൽപ്പിച്ച കാര്യം നടക്കില്ലായിരുന്നു. ദൗത്യബോധത്തിൽ നിന്നും വ്യതിചലിക്കാതിരുന്നതിനാൽ പതിറ്റാണ്ടുകൾ പിന്നിട്ട പ്രശ്നത്തിനു അമ്പത്തിരണ്ടു ദിവസത്തിനുള്ളിൽ ദൈവം നെഹമ്യാവിലൂടെ പരിഹാരം നൽകി.

വാസ്തവത്തിൽ, നമ്മുടെ കർത്താവായ യേശുക്രിസ്തു ഈ കാര്യത്തിലും നമുക്കു മാതൃകയാണ്. യഹോവയുടെ ദാസനായ ക്രിസ്തുവിനെപ്പറ്റി യെശയ്യാപ്രവാചകൻ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: എന്റെ ദാസനല്ലാതെ കുരുടൻ ആര്? ഞാൻ അയയ്ക്കുന്ന ദൂതനെപ്പോലെ ചെകിടൻ ആര്? എന്റെ പ്രിയനെപ്പോലെ കുരുടനും യഹോവയുടെ ദാസനെപ്പോലെ അന്ധനുമായവൻ ആര്? പലതും കണ്ടിട്ടും നീ സൂക്ഷിക്കുന്നില്ല; ചെവി തുറന്നിരുന്നിട്ടും അവൻ കേൾക്കുന്നില്ല. (42:19-20)

ക്രൂശിലൂടെ മാനവരാശിയുടെ രക്ഷ നിവർത്തിക്കുവാൻ വന്ന യേശുവിനെ പിന്തിരിപ്പിക്കുവാൻ പിശാച് പല പിന്തിരിപ്പന്മാരെയും ഉപയോഗിച്ചു. പക്ഷേ, കാര്യം തിരിച്ചറിഞ്ഞ ക്രിസ്തു രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതിരിക്കുന്ന കുഞ്ഞാടിനെപ്പോലെ തന്നെ നിന്ദിക്കുകയും പരിഹസിക്കയും ചെയ്തവരുടെ മുമ്പിൽ മൗനം ദീക്ഷിച്ചു. ദൈവമക്കളിൽ പലരും ഈ മേഖലയിൽ പരാജിതരാണ്. കണ്ടിട്ടും കാണാത്തവനെപ്പോലെയും കേട്ടിട്ടും കേൾക്കാത്തവനെപ്പോലെയും ഇരിക്കുവാൻ ശീലിച്ചവർക്കേ പരിഹാസവും നിന്ദയും കേൾക്കുമ്പോൾ മിണ്ടാതിരിക്കാനാവു!

ഒടുക്കുറിപ്പ്: എന്റെ ജീവിതത്തെ വളരെ സ്വാധീനിച്ച ഒരു ഉദ്ധരണി ഓർമ്മയിൽ വരുന്നു: നീ നിവരെ നിൽക്കുമ്പോൾ നിന്റെ നിഴൽ വളഞ്ഞതാണെന്നു പറയുന്നവരെ ഭയപ്പെടേണ്ട! (ജവഹർലാൽ നെഹ്രു)


## പ്രാർത്ഥന സഹായത്തിന്



9072 888 100
8893 999 100
8893 222 100
8590 555 100

24 HRS 365 DAYS

PR.JOHNKUTTY TRISSUR
News Reporter, Hallelujah


## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| വിദേശത്തേക്ക് | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |


The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com


## ഹാലേലുയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000

# വിശക്കുന്നവർക്ക് ആഹാരവുമായി ഒരു സ്ത്രീ കൂട്ടായ്മ

(1-ാം പേജ് തുടർച്ച)

പോകുന്നവരാണ് ബഹുഭൂരിപക്ഷം ജനങ്ങളും. എന്നാൽ ഇമ്മാനുവൽ ഫെലോഷിപ്പ് സഭയിലെ വിശ്വാസികളായ സഹോദരിമാരിൽ ചിലർക്ക് ഈ കാഴ്ചയെ അവഗണിക്കാനായില്ല. അവർ തങ്ങളുടെ നിത്യജീവിത ചിലവുകളിൽ നിന്ന് മിച്ചം പിടിക്കുന്ന ചില്ലറ നാണയങ്ങളും ഓട്ടോ പിടിക്കേണ്ട ദൂരം നടന്ന് ലാഭിക്കുന്ന നോട്ടുകളും ഒരു നന്മ പ്രവൃത്തിക്കായി ശേഖരിച്ചു വെക്കാൻ തുടങ്ങി. അങ്ങനെ ശേഖരിക്കുന്ന തുക ഒന്നിച്ചെടുത്ത് മാസത്തിലൊരിക്കൽ ഊണു പൊതികളാക്കി തെരുവുകളിലും റെയിൽവേ സ്റ്റേഷനുകളിലും പട്ടിണി കിടക്കുന്നവർക്ക് വിതരണം ചെയ്തു തുടങ്ങി.

മാസത്തിൽ ഒരിക്കൽ എന്നത് പിന്നീട് ആഴ്ചയിൽ ഒന്നായി മാറി. ഇപ്പോൾ ആഴ്ചയിൽ മുന്നൂറ് പേർക്കാണ് ഇമ്മാനുവേൽ ഫെലോഷിപ്പ് സൊസൈറ്റിയിലെ സഹോദരിമാർ ഭക്ഷണപ്പൊതി എത്തിച്ചു കൊടുക്കുന്നത്. ഈ നല്ല പ്രവർത്തി കണ്ട് വിശ്വാസകളല്ലാത്ത നിരവധിപ്പേർ ചെറിയ സാമ്പത്തിക സഹായം നൽകാനും ഭക്ഷണം പാകം ചെയ്യാനും മുന്നോട്ടു വന്നത് സഹോദരിമർക്ക് കൂടുതൽ പ്രോത്സാഹനമായി.

റായ്പ്പൂർ പട്ടണത്തിൽ എല്ലാ ദിവസവും കുറഞ്ഞത് ആയിരം പേർക്ക് ഭക്ഷണ പൊതി നൽകണമെന്നതാണ് ആഗ്രഹം. ഒരു പൊതിക്ക് ഏകദേശം 20 രൂപ ചിലവ് വരും. ഇമ്മാനുവേൽ ഫെലോഷിപ്പ് സൊസൈറ്റിക്ക് നേതൃത്വം നലകുന്ന സിസ്റ്റർ ലൈലാമ്മ രാജു പറയുന്നു.

കരുണാ മഹിളാ മണ്ഡലി എന്ന് പേരിട്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രവർത്തന രീതി ആഹാരം നൽകുന്ന ദിവസങ്ങളിൽ ഉച്ചക്ക് ശേഷം സഹോദരിമാർ ഒന്നിച്ചു കൂടി ചോറ്, പരിപ്പ്, സബ്ജി എന്നിവ ഉണ്ടാക്കും. അലൂമിനിയം ഫോയിലിൽ പൊതിഞ്ഞെടുക്കുന്ന ചോറുപൊതികൾ സഭയിലെ ചെറുപ്പക്കാർ ഇരുചക്രവാഹനങ്ങളിൽ കയറ്റി വിതരണം നടത്തും. ഭക്ഷണ വിതരണത്തിന് സ്വന്തമായി ഒരു വാൻ വേണമെന്ന് ഇവർ ആഗ്രഹിക്കുന്നു.

തിരുവല്ല മുണ്ടിയപ്പള്ളി സ്വദേശിയായ പാസ്റ്റർ രാജു വി ജോൺ 17 വർഷം മുൻപാണ് റായ്പൂരിൽ എത്തുന്നത്. റായ്പൂർ റയിൽവേ സ്റ്റേഷനിൽ നിന്ന് എട്ടു കിലോമീറ്റർ അകലെ അമേലേഡിയിൽ സ്വതന്ത്ര സഭാ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ നാൽപ്പതോളം കുടുംബങ്ങളിൽ നിന്നായി 150 പേർ ഈ സഭയിൽ ആരാധിക്കുന്നു. സ്വന്തമായി ആരാധനാലയമില്ലാത്ത ഇവർ വാടക കെട്ടിടത്തിലാണ് ആരാധന നടത്തുന്നത്. പാസ്റ്റർ രാജു വി ജോണിന്റെ ഭാര്യയാണ് കരുണാ മഹിളാ മണ്ഡലിക്ക് നേതൃത്വം നൽകുന്നത്.

09575376444/09039967421
efsociety@rediffmail.com

# ക്രോസ് ബെയറേഴ്സ് യൂത്ത് ക്യാമ്പ്

കടുത്തുരുത്തി: എബനേസർ ബൈബിൾ കോളജിന്റെ യൂത്ത് മിനിസ്ട്രി നേതൃത്വം നൽകുന്ന നാലാമതു ക്രോസ് ബെയറേഴ്സ് യൂത്ത് ക്യാമ്പ് മെയ് 8-11 വരെ ഇ.ബി.സി. ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നു. അന്ത്യകാല ദോഷങ്ങളിൽ നിന്നും രക്ഷനേടുക എന്നതാണ് ഈ വർഷത്തെ തീം. കർത്തൃദാസന്മാരായ ബാബു ചെറിയാൻ, വി. പി. ഫിലിപ്പ്, ഐസക് വി. മാത്യു, വി. റ്റി. മാത്യു ആദിയായവർ ക്ലാസുകൾ നയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: തിമോത്തി ഏബ്രഹാം 9497 827 181


## ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി

(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)

പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ

ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ

എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ



**പാസ്റ്റർ റോയി പൂവക്കാല**

ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി

Ph: 9447401039 0469-2692939



AMEN ONLINE THEOLOGICAL SEMINARY

ഇൻഡ്യയിലെ ആദ്യത്തെ ഓൺലൈൻ സെമിനാരി

C.Th, G.Th, B.Th, M.Div, M.Th എന്നീ കോഴ്സുകൾ ലഭ്യമാണ്

മലയാളത്തിലും ഇംഗ്ലീഷിലും പഠിക്കുവാൻ അവസരം

Accredited by: IACEA, USA & Faith Theological Seminary, Manakkala

Visit us: www.amenseminary.com

Phone: +914734-224616, Mob: 8086680468

AMEN NEWS

ഇംഗ്ലീഷിലും, മലയാളത്തിലും നിങ്ങളിൽ എത്തുന്ന ക്രൈസ്തവലോകത്തെ ഏക ഓൺലൈൻ പത്രം

Visit us: www.amennewsreport.com



## PRAYER CELL

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

യാത്രക്കിടയിൽ

സാംകുട്ടി ചാക്കോ
നിലമ്പൂർ

# ഉപവാസവും ശുദ്ധീകരണവും



കുമ്പനാട്ടെ 40 ദിന ഉപവാസ പ്രാർത്ഥന 12 ദിവസം പൂർത്തിയായിരിക്കുന്നു. കുറച്ചു ദിവസം ഉപവാസത്തിലും പ്രാർത്ഥനയിലും ഇരിക്കണമെന്ന് ഞാനും ആഗ്രഹിക്കുന്നു. വ്യക്തിപരമായി ഉപവസിക്കുന്നതിലും പ്രാർത്ഥിക്കുന്നതിലും വിശ്വാസമുള്ളയാളാണ് ഞാൻ. അവസരം ലഭിക്കുമ്പോൾ മൂന്നു ദിവസമോ ഏഴു ദിവസമോ ഒക്കെ ഉപവസിക്കാറുണ്ട്. ഒരിക്കൽ മാത്രമേ 21 ദിവസം തുടർച്ചയായി ഉപവസിച്ചിട്ടുള്ളൂ. ഒരിക്കൽ പോലും എന്തെങ്കിലും ഭൗതിക കാര്യങ്ങളുടെ വിടുതലിന് വേണ്ടിയോ അനുഗ്രഹങ്ങൾക്ക് വേണ്ടിയോ ഞാൻ ഉപവസിച്ചിട്ടില്ല. ഭൗതീക ആവശ്യങ്ങൾക്ക് വേണ്ടി ഉപവസിക്കുന്നത് തെറ്റാണെന്ന് ഞാൻ പറയുന്നില്ല. എന്റെ പ്രാർത്ഥനകൾ എന്റെ തന്നെ ആത്മീയ നവോത്ഥാനത്തിനും ആത്മസമർപ്പണത്തിനും വേണ്ടിയായിരുന്നു.

ഉപവാസം സംബന്ധിച്ച വ്യത്യസ്തമായ ആശയങ്ങളും അഭിപ്രായങ്ങളും ഉണ്ടായേക്കാം. പുതിയ നിയമ സഭക്ക് ഉപവാസം അനിവാര്യമല്ലെന്ന് ചിന്തിക്കുന്നവർ ഉണ്ട്. എന്റെ വ്യക്തിപരമായ അനുഭവത്തിൽ ഉപവാസവും പ്രാർത്ഥനയും ആത്മ ശുദ്ധീകരണത്തിന്റെയും ദൈവീക സാന്നിധ്യ അനുഭവിക്കുന്നതിന്റേയും മികവുറ്റ മാർഗ്ഗമാണ്. പക്ഷേ ഉപവാസ പ്രാർത്ഥന ആഘോഷമാക്കിമാറ്റുന്നത് എത്രത്തോളം ഫലകരമാകും എന്നെനിക്കറിയില്ല. കുമ്പനാട്ടെ പ്രാർത്ഥന സത്യം പറഞ്ഞാൽ പാസ്റ്റർ ജേക്കബ് ജോണിന്റെ തിരഞ്ഞെടുപ്പ് പ്രഖ്യാപനമായിരുന്നു. അദ്ദേഹത്തിന്റെ പ്രഖ്യാപനത്തെ സഭ ഏറ്റെടുത്തപ്പോൾ അത് സഭയുടെ മാറ്റത്തിന്റെ ആദ്യ ചുവടുവെപ്പായെന്ന് ഞാൻ കരുതുന്നു. എനിക്ക് ഏറ്റവും സന്തോഷവും ബഹുമാനവും തോന്നിയ ഒരു കാര്യം ഇക്കൂടെ പറയട്ടെ. 40 ദിവസ ഉപവാസ പ്രാർത്ഥന ഉദ്ഘാടനം ചെയ്തത് പാസ്റ്റർ ടി.എസ് ഏബ്രഹാമാണ്. കുലീനമായ വാക്കുകൾ കൊണ്ട് വളരെ പക്വമായ നിലയിൽ അദ്ദേഹം ആ കർത്തവ്യം നിർവ്വഹിച്ചു. തന്റെ പുത്രനെ തിരഞ്ഞെടുപ്പിലൂടെ പരാജയപ്പെടുത്തിയ ജേക്കബ് ജോണിന്റെ നേതൃത്വത്തിൽ നടക്കുന്ന ഉപവാസ ഉദ്ഘാടനം ചെയ്യുന്നതിൽ നിന്ന് വേണമെങ്കിൽ അദ്ദേഹത്തിന് പിന്മാറാമായിരുന്നു. അദ്ദേഹം കാണിച്ച വിവേകവും മാന്യതയും ആദരിക്കപ്പെടേണ്ടതാണ്. ഒരു കാര്യം കൂടെ പിതാവിന്റെ ആഢ്യത്വം പുത്രനും കാണിക്കുവാൻ സാധിച്ചാൽ റവ.വത്സൻ ഏബ്രഹാം അവസാന ദിവസങ്ങളിലെങ്കിലും ഉപവാസ പന്തലിലെത്തി രണ്ടുദിവസമെങ്കിലും ഇരിക്കണം. അദ്ദേഹത്തിന്റെ ഐ.പി.സിയിലെ ഭാവി ശുഭകരമാകുവാൻ ഏറ്റവും ബുദ്ധിപരമായ നീക്കമായിരിക്കും അത് (റവ.വത്സൻ ഏബ്രഹാമിന്റെ ഇപ്പോഴത്തെ ഉപദേശകർ മിക്കവാറും ഇത് സമ്മതിക്കാൻ തരമില്ല. ആ ഉപദേശകരാണല്ലോ അദ്ദേഹത്തിന്റെ തോൽവിയുടെ കാരണക്കാർ. അവരാണല്ലോ വത്സൻ ഏബ്രഹാമിനെക്കൊണ്ട് വ്യത്തികെട്ട ഒരു കത്തെഴുതിച്ച് സഭകൾക്ക് മുഴുവൻ അയപ്പിച്ചത്).

ഏതായാലും കുമ്പനാട്ടെ പ്രാർത്ഥനയും ഉപവാസവും ജനം ഏറ്റെടുത്തു കഴിഞ്ഞു. കുമ്പനാട്ടു കൺവൻഷന്റെ ആദ്യ ദിവസങ്ങളിൽ വരുന്നതിനേക്കാൾ ജനം ഇപ്പോൾ തന്നെ ഉപവാസ പ്രാർത്ഥനക്ക് എത്തുന്നുണ്ട്. സഭയുടെ നവീകരണം എന്നതാണ് പ്രാർത്ഥനയുടെ പ്രഥമ ലക്ഷ്യമെങ്കിലും വ്യക്തിപരമായ രോഗസൗഖ്യങ്ങളും വിടുതലുകളും പന്തലിൽ സംഭവിക്കുന്നു.

സഭയുടെ അസ്ഥയോർത്ത് കരയുവാനും നവീകരണത്തിനായി തങ്ങളെത്തന്നെ താഴ്ത്തി നിലവിളിക്കുവാനും ഒരു സഭ തയ്യാറായാൽ ദൈവം ഇടപെടും എന്നതിന് സംശയമില്ല. പതിനഞ്ച് വർഷം മുമ്പ് ഞാനും എന്റെ ചില സ്നേഹിതരും കൂടെ കോട്ടയത്ത് 12 മണിക്കൂർ നോൺ സ്റ്റോപ്പ് പ്രാർത്ഥന നടത്തി. അന്ന് ഐ.പി.സി വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയായിരുന്നു. "സഭക്കു വേണ്ടി കരയുവാൻ ഒരു ദിവസം" എന്ന് പറഞ്ഞ് ഒരു നോട്ടീസ് അച്ചടിച്ച് കോട്ടയം ഭാഗത്തെ സഭകളിൽ കൊടുത്തു. അന്നത്തെ പ്രാർത്ഥനയിൽ പ്രസംഗം കുറവായിരുന്നു. അദ്ധ്യക്ഷനോ, സാഗതമോ, നന്ദിയോ, അങ്ങനെ ചടങ്ങുകൾ ഒന്നുമില്ലായിരുന്നു. വരുന്നവർ വരുന്നവർ പ്രാർത്ഥിച്ചു. രാവിലെ പാസ്റ്റർ കെ.സി ചെറിയാൻ പ്രാർത്ഥിച്ചാരംഭിച്ചു. രാത്രി പാസ്റ്റർ ബാബു ചെറിയാൻ അൽപ്പനേരം വചനം ശുശ്രൂഷിച്ചു.

അന്ന് ആ പ്രാർത്ഥന കുമ്പനാട്ടാണ് നടക്കേണ്ടതെന്ന് പലരും അഭിപ്രായം പറഞ്ഞു. അങ്ങനെയൊരു പ്രാർത്ഥന കുമ്പനാട്ട് എന്നെങ്കിലും നടക്കുമോ എന്ന് സ്വപ്നം കാണുവാൻ പറ്റിയിരുന്നില്ല. എന്നാലിപ്പോൾ നാൽപ്പതു ദിവസം ജനം ആവേശത്തോടെ എത്തുന്നു. വലിയ പ്രതീക്ഷയോടെ.

പ്രാർത്ഥന യോഗമെന്നത് പ്രസംഗ യോഗമായി മാറുന്നോ എന്ന് എനിക്ക് സംശയമുണ്ട്. ഈ കഴിഞ്ഞ വെള്ളിയാഴ്ച പതിനൊന്നാം ദിവസം പകൽ ഞാനും പ്രസംഗിച്ചു. കോട്ടയത്തു നടത്തിയ പ്രാർത്ഥനയുടെ കഥ പറഞ്ഞുകൊണ്ടാണ് ഞാൻ ആരംഭിച്ചത്.

എസ്രായുടെ നേതൃത്വത്തിൽ ബാബിലോണിൽ നിന്ന് യെരുശലേമിലേക്ക് മടങ്ങുന്ന പ്രവാസികൾ അഹവ ആറ്റിനരികിൽ മൂന്നു ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചതായിരുന്നു എന്റെ പ്രസംഗ വിഷയം.

പ്രവാസത്തിലിരിക്കുന്ന 25 ലക്ഷം ജനം ബാബിലോണിലെ - പേർഷ്യയിലെ - ദൈവപരിപാലനത്തിന്റെ കഥകൾ പറഞ്ഞ് - നന്മകൾ അനുഭവിച്ച് അതാണ് ദൈവീക അനുഗ്രഹം എന്ന് തെറ്റിദ്ധരിച്ച് ജീവിക്കുകയാണ്. മടങ്ങിപ്പോകുവാൻ എസ്രാ ക്ഷണിച്ചപ്പോൾ വെറും 1754 പേർ മാത്രമാണ് ഇറങ്ങിത്തിരിച്ചത്. ഇന്നും ഒരു ന്യൂനപക്ഷത്തിന് മാത്രമെ തങ്ങൾ പ്രവാസികളാണെന്നും തങ്ങൾക്ക് ഒരു മടക്കയാത്ര ഉണ്ടെന്നും ബാധ്യമുള്ളൂ. പറയുമ്പോൾ ഞങ്ങൾ മോവാബിൽ പ്രവാസം ചെയ്യുന്നതുകൊണ്ടും കേദാർ കൂടാരങ്ങളിൽ പാർക്കുന്നതുകൊണ്ടും ഏറെ കഷ്ടമെന്ന് വീമ്പു പറയും. പക്ഷേ കേദാർ കൂടാരത്തിന്റെ കംഫർട്ട് സോൺ വിട്ട് യെരുശലേം യാത്രയുടെ 1400 കിലോമീറ്റർ നീണ്ട ദുർഘട പാതയിലേക്കിറങ്ങാൻ ആരും തയ്യാറല്ല. ഞങ്ങളുടെ കിന്നരങ്ങൾ അലരി വൃക്ഷത്തിൽ തൂക്കിയിട്ടിരിക്കുകയാണ് കെബാർ നദിയുടെ തീരത്ത് ഞങ്ങൾ എങ്ങനെ പാടും എന്ന് പറയുമെങ്കിലും ബാബേലിന്റെ തീരത്തെ പച്ചപ്പും, ഫലഭൂയിഷ്ഠതയും ആവോളം ആസ്വദിക്കുകയാണ് നാം.

യാത്രക്ക് തയ്യാറായി ഇറങ്ങിയവരെ എസ്രാ ഒരു സൂക്ഷ്മ പരിശോധനക്ക് വിധേയരാക്കി. അപ്പോൾ ഞെട്ടിക്കുന്ന ഒരു സത്യം എസ്രാ ശാസ്ത്രി തിരിച്ചറിഞ്ഞു. പോകാൻ തയ്യാറായി ഇറങ്ങിയവരിൽ ഒരൊറ്റ ലേവ്യൻ പോലുമില്ല. ശുശ്രൂഷക്കായി ദൈവം വേർതിരിച്ച, ദൈവവേലക്കായി സ്വയം സമർപ്പിച്ച ഒരു ലേവ്യനും യാത്രക്ക് വന്നിട്ടില്ല. സാമാന്യ ജനം യാത്രക്ക് തയ്യാറാണെങ്കിലും ശുശ്രൂഷക വൃന്ദം ഇതൊന്നും തങ്ങളെ ബാധിക്കിന്നില്ലെന്ന മട്ടിൽ സ്വസ്ഥമായിരിക്കുകയാണ്. ഇന്നത്തെ പെന്തെക്കോസ്തിന്റെ ഒരു പരിഛേദനമാണ് എസ്രായുടെ കാലത്തെ യിസ്രയേലിന്റെ അവസ്ഥ.

ഉപവാസം കഴിഞ്ഞ് എസ്രയുടെ നേതൃത്വത്തിൽ നാലു മാസം യാത്ര ചെയ്ത് ജനം യെരുശലേമിലെത്തി. അവിടെ നേരത്തെ സെരുബാബേലിന്റെ നേതൃത്വത്തിൽ 80 വർഷം മുൻപ് മടങ്ങിവന്നവർ യെരുശലേം ദേവാലയം പണിത് ആരാധന നടത്തി ജീവിക്കുന്നുണ്ട്.

ബാബേലിൽ നിന്ന് മടങ്ങി വന്ന എസ്രായേയും കൂട്ടരെയും വൻ സ്വീകരണം നൽകി അവർ വരവേറ്റു. ഇരുനൂറോളം മൃഗങ്ങളെ അറുത്ത് ഹോമയാഗം കഴിച്ച് ആഘോഷം പൊടിപൊടിച്ചു. പക്ഷേ ആരാധിച്ചവരുടെ ജീവിതം എപ്രകാരമുള്ളതെന്ന് അടുത്ത ദിവസമാണ് എസ്രാ മനസിലാക്കിയത്.

ദൈവം ഏറ്റവുമധികം വെറുക്കുന്ന പാപം ചെയ്ത് അതിൽ ജീവിക്കുന്നവരാണ് ആരാധനക്കാർ. അന്യജാതിക്കാരായ സ്ത്രീകളെ ഭാര്യമാരാക്കി അവരോട് ഇടകലർന്ന് സങ്കരവർഗമായി മറിയവർ ബിലയാമിന്റെ ആശയം നടപ്പിലാക്കിയവരുടെ കൂട്ടം - അവരാണിപ്പോൾ ആലയം ഭരിക്കുന്നത്. അവരാണ് ആരാധന നടത്തുന്നത്. ഇന്നും ലോകവുമായി ഇടകലർന്നുപോയതാണ് പെന്തക്കോസ്തു സമൂഹത്തിന്റെ അടിസ്ഥാന പ്രശ്നം. ഈ പ്രശ്നത്തിനാണ് പരിഹാരമുണ്ടാകേണ്ടത്. അതു സംഭവിക്കുന്നില്ലെങ്കിൽ ഈ ഉപവാസ പ്രാർത്ഥന ആത്യന്തികമായി പരാജയമാകും. ഫ്രിഡ്ജിലിരിക്കുന്ന തണുത്ത ഭക്ഷണം ഇടയ്ക്കെടുത്ത് ചൂടാക്കുന്ന പ്രക്രിയമാത്രമാണ് ഈ ഉപവാസ പ്രാർത്ഥന. അങ്ങനെ ആകാതിരിക്കട്ടെ.

ജനത്തിന്റെ അവസ്ഥ കണ്ട് എസ്രാ സ്തംഭിച്ച് ഇരുന്നു പോയി. സന്ധ്യായാഗത്തിന്റെ സമയം വരെ അവൻ മിണ്ടാനാവാതെ നിശ്ചലനായിപ്പോയി. ആലയത്തിനകത്തു കയറിയ പാപത്തെ കണ്ട് തോളിൽ കയ്യിടുന്ന നേതാക്കളെയല്ല എസ്രായേപ്പോലെ സ്തംഭിച്ചിരിക്കുന്നവരെയാണ് സഭക്ക് ഇനി ആവശ്യമായിരിക്കുന്നത്.

സ്തംഭിച്ചിരിക്കുക മാത്രമല്ല. എസ്രാ ജനത്തിന്റെ പാപം സ്വന്തം പാപമായി ഏറ്റെടുത്ത് ദൈവസന്നിധിയിൽ കവിണ്ണു വീണു. വിലപിച്ച് കരഞ്ഞ് ക്ഷമ യാചിച്ചു. മാത്രവുമല്ല. കഠിനമായ ശുദ്ധീകരണം നടപ്പിലാക്കി. അന്യജാതിക്കാരായ സ്ത്രീകളെ (ചിലർക്ക് മക്കൾവരെയുണ്ട്) പുറത്താക്കി ജനത്തെ ശുദ്ധീകരണത്തിലേക്ക് നയിച്ചു.

ഉപവാസ പ്രാർത്ഥനകൊണ്ട് ഇത്തരമൊരു ശുദ്ധീകരണം നടക്കണം, അല്ലെങ്കിൽ ഇടകലർന്ന - സങ്കരവർഗത്തെ ദൈവം ന്യായവിധിക്കായി കൈവിട്ടേക്കാം.

**ലോകവുമായി ഇടകലർന്നുപോയതാണ് പെന്തക്കോസ്തു സമൂഹത്തിന്റെ അടിസ്ഥാന പ്രശ്നം. ഈ പ്രശ്നത്തിനാണ് പരിഹാരമുണ്ടാകേണ്ടത്. അതു സംഭവിക്കുന്നില്ലെങ്കിൽ ഈ ഉപവാസ പ്രാർത്ഥന ആത്യന്തികമായി പരാജയമാകും. ഫ്രിഡ്ജിലിരിക്കുന്ന തണുത്ത ഭക്ഷണം ഇടയ്ക്കെടുത്ത് ചൂടാക്കുന്ന പ്രക്രിയമാത്രമാണ് ഈ ഉപവാസ പ്രാർത്ഥന. അങ്ങനെ ആകാതിരിക്കട്ടെ.**

## സൃഷ്ടിയോ പരിണാമമോ? 6

(കഴിഞ്ഞ ലക്കം തുടർച്ച...)

# ദൈവം സ്നേഹിച്ച ലോകം



ജോസഫ് ഇടക്കാട്ടിൽ

ദൈവം പാർപ്പിനായിട്ടാണ് ഭൂമിയെ സൃഷ്ടിച്ചത് ഈ പ്രപഞ്ചത്തിൽ ഭൂമിയിലൊഴികെ മറ്റ് ആകാശഗോളങ്ങളിലൊന്നിലും മനുഷ്യരോ മനുഷ്യരെപ്പോലുള്ള ജീവികളോ ഉണ്ടാകാൻ സാധ്യതയില്ല. അതിന് കാരണമുണ്ട്. സൂര്യനിൽനിന്ന് ഒരു ദൈവനിശ്ചിതമായ അകലം ഭൂമിപാലിക്കുന്നതുകൊണ്ടാണ് (15 കോടികിലോമീറ്റർ) ഭൂമിയിൽ ജീവൻ നില്നിൽക്കുന്നത്. മറ്റ് ഗ്രഹങ്ങൾ ഒന്നുകിൽ സൂര്യനോട് കൂടുതൽ അടുത്തായിരിക്കും. അത്തരം ഗ്രഹങ്ങൾ മരുഭൂമിക്ക് തുല്യമായിരിക്കും. സൂര്യനോട് കൂടുതൽ അകന്നിരുന്നാൽ ഗ്രഹങ്ങൾ തണുത്തുറഞ്ഞിരിക്കും. ചില ഗ്രഹങ്ങൾ സൂര്യനെപ്പോലെതന്നെ വാതകഗോളങ്ങളാണ്. ഉദാഹരണത്തിന് യുറാനെസും, നെപ്റ്റ്യൂണുമൊക്കെ വാതകഗോളമായിരിക്കണം.

പ്രപഞ്ചത്തിൽ ദൈവം സൃഷ്ടിച്ച് സകല ആകാശഗോളങ്ങളും, സസ്യജാലങ്ങളും ജന്തുക്കളുമെല്ലാം ദൈവം നൽകിയ നിയമങ്ങൾ (പ്രകൃതിനിയമമെന്ന് യുക്തിവാദികൾ പറയും) അതേപടി അനുസരിക്കുന്നു എന്നാൽ മനുഷ്യൻ അവനുവേണ്ടി ഉണ്ടാക്കിയ നിയമങ്ങൾ മാത്രമല്ല ദൈവീക വ്യവസ്ഥയെല്ലാം ലംഘിക്കുന്നു. പുലി എത്ര ഗതികെട്ടാലും പുല്ലുതിന്നുകയില്ല. ഒരു കടുവ ഒരിക്കലും പെൺകടുവയെ കൊന്നതിനുശേഷം ഇണചേരുകയില്ല. ഈ കാലഘട്ടത്തിൽ മനുഷ്യൻ മൃഗതുല്യനായിത്തീർന്നു എന്ന പറയുന്നത് മൃഗങ്ങളെ അപമാനിക്കലാണ്.

ദൈവം ലോകത്തെ സ്നേഹിച്ചുവെന്നാണ് യോഹന്നാന്റെ സുവിശേഷം 3: 16 ൽ പറയുന്നത്. മനുഷ്യൻ അധിവസിക്കുന്ന ഭൂമിക്കാണ് ലോകം എന്ന് പറയുന്നത്. ദൈവം മറ്റ് ആകാശഗോളങ്ങളേക്കാൾ അധികം സ്നേഹിച്ചത് ഭൂഗോളത്തെയാണ്. തന്നെ ആരാധിക്കാനും തന്റെ കല്പനകൾ അനുസരിച്ച് ജീവിക്കാനുമായി മനുഷ്യരെ സൃഷ്ടിച്ച് പരിപാലിക്കാൻ ദൈവം ഉദ്ദേശിച്ച് ഈ ഭൂമിയിലായിരുന്നതുകൊണ്ടാണ് ഭൂമിക്ക് ഈ സവിശേഷ പ്രാധാന്യം കൈവന്നത്. മനുഷ്യന് വേണ്ടിയാണ് ഭൂമിയിലുള്ള മറ്റ് എല്ലാ ജീവജാലങ്ങളും സസ്യജാലങ്ങളും സൃഷ്ടിക്കപ്പെട്ടത്.

ഭൂമി തണുത്തുവിറക്കാനും ചൂടേറ്റ് വാടാതിരിക്കാനുമായി ദൈവം ഭൂമിക്ക് ഒരു പുതപ്പ് നൽകി.അതിന്റെ പേരാണ് അന്തരീക്ഷം മറ്റ് ആകാശഗോളങ്ങൾക്ക് ഇത്തരത്തിലുള്ള പുതപ്പില്ലാത്തതുകൊണ്ട് അവിടെ ജീവൻ നിലനിൽക്കാൻ സാധ്യമല്ല. അന്തരീക്ഷമെന്ന ഈ പുതപ്പില്ലായിരുന്നെങ്കിൽ ബഹിരാകാശത്തുനിന്നുള്ള ഉൽക്കകൾ വന്നു പതിച്ച് ഭൂമി തകർന്നുപോയേനെ ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് പ്രവേശിക്കുന്ന പടുകൂറ്റൻ ഉൽക്കകൾ കത്തിചാമ്പലാകുന്നു. അവശേഷിക്കുന്ന ചെറുകഷ്ണങ്ങൾ മാത്രമാണ് ഭൂമിയിൽ പതിക്കുന്നത്. മനുഷ്യരെ കരുതി ദൈവം ഏർപ്പെടുത്തിയ ഒരു സംരക്ഷണമാണിത്. അന്തരീക്ഷത്തിലെ വാതകഘടന പരിശോധിച്ചാലും ഈ ദൈവസ്നേഹം വെളിപ്പെടും. ജന്തുക്കൾക്ക് ശ്വസിക്കാൻവേണ്ടി ദൈവം ഓക്സിജനെ നൽകി ഇങ്ങനെ ഓക്സിജൻ ശ്വസിച്ച് കാർബൺഡൈ ഓക്സൈഡ് പുറത്തേക്ക് വിടുന്നു. ഈ കാർബൺഡൈ ഓക്സൈഡ് ഉപയോഗിച്ചാണ് സസ്യങ്ങൾ ആഹാരം പാകം ചെയ്യുന്നതും ജീവിക്കുന്നതും.

സൂര്യനിൽ നിന്ന് വരുന്ന മാരക രശ്മികളെ തടഞ്ഞുനിർത്തുന്നത് അന്തരീക്ഷമാണ്. പ്രത്യേകിച്ച് ഓസോൺപാളി ഭൂമിയെ പൊതിഞ്ഞു സംരക്ഷിക്കുന്നു. മനുഷ്യൻ പ്രകൃതി നിയമങ്ങളെ ലംഘിച്ച് അതിന് നാശം വരുത്തികൊണ്ടിരിക്കുന്നു പ്രകൃതി നിയമങ്ങൾ ദൈവത്താൽ കൽപ്പിച്ചാക്കപ്പെട്ടതാണ് ഇങ്ങനെയുള്ള പ്രകൃതിക്ക് ദൈവം പ്രവർത്തന സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. എങ്കിലും പ്രകൃതിയുടെമേൽ ഒരു നിയന്ത്രണം ദൈവം സൂക്ഷിക്കാറുണ്ട്. എഞ്ചിനീയർമാർ വാഹനത്തിന്റെ എൻജിൻ ഉണ്ടാക്കി പിന്നീട് അതിന് സ്വയം പ്രവർത്തിക്കാനും ഓടാനുമുള്ള സ്വാതന്ത്ര്യം കൊടുക്കാറുണ്ടല്ലോ. എന്നാൽ വാഹനങ്ങളെ ചലിപ്പിക്കാനും നിയന്ത്രിക്കാനും ഉള്ള അധികാരം തുടർന്നും മനുഷ്യർക്ക് തന്നെയാണല്ലൊ. അതുപോലെ പ്രകൃതിക്ക് ദൈവം പ്രവർത്തന സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ടെങ്കിലും നിയന്ത്രണം ഇപ്പോഴും ദൈവത്തിന്റെ കരങ്ങളിൽ തന്നെയാണ്.

(തുടരും)

# പുസ്തകം പ്രകാശനം



പാസ്റ്റർ എ.മത്തായി ജെ.എം.ജെ.തമ്പിക്കു നൽകി പ്രകാശനം ചെയ്യുന്നു

മുംബൈ: ബിനു വടശ്ശേരിക്കര രചിച്ച വിവാഹത്തിനു മുമ്പ് അറിയാൻ എന്ന ഗ്രന്ഥം പാസ്റ്റർ എ. മത്തായി (മുൻ ഓവർസീയർ) ജെ.എം. ജെ. തമ്പിക്കു (റിയ ട്രാവൽസ്) നൽകി പ്രകാശനം ചെയ്തു. വിക്രോളി ചർച്ച് ഓഫ് ഗോഡിൽ നടന്ന മീറ്റിംഗിൽ പാസ്റ്റർ ബെൻജി മത്തായി അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ഷാജി ജോസഫ്, ബിനു വടശ്ശേരിക്കര, ഡേവിഡ് കുഞ്ഞാണ്ടി എന്നിവർ പ്രസംഗിച്ചു. എക്സൽ പബ്ലിക്കേഷനാണ് പ്രസാധകർ.

33 years of legacy in academic excellence!

# ASIAN BIBLE COLLEGE

(Accredited by ATA)

Applications are invited for the following program from young men and women who are called by God for full-time ministry




| | | | |
|---|---|---|---|
| B.Th | 3yrs | PUC/+2 passed | English |
| D.Th | 2yrs | SSLC Passed | English & Malayalam |
| C.Th | 1yr | 8th STD & above | English & Malayalam |

● Ministry opportunities ● Qualified faculty
● Affordable fee ● Computerised library
● Scholarship for deserving candidates
● FOOD & ACCOMEDATION FREE

For the application and Prospectus send Rs. 100/- to:
Director, Asian Bible College, Ecclesia, Edappally P.O.,
Cochin –682 024, Ph : 0484 – 2805086
**Mob : 9847838585 E – mail : cog@satyam.net.in**

Wanted Residential faculty having BD/ M.Div/ M.Th (Serampore/ ATA)




# ബെഥേൽ ബൈബിൾ കോളജ്

ബെഥേൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ സഹോദരിമാർക്കായി നടത്തപ്പെടുന്ന ഒരു സ്ഥാപനം

## വലിയ കലവൂർ, ആലപ്പുഴ

| കോഴ്സ് | കാലാവധി | മീഡിയം | യോഗ്യത |
|---|---|---|---|
| C.Th | 2 വർഷം | മലയാളം | എസ്.എസ്.എൽ.സി |

**പ്രത്യേകതകൾ**

- ഉന്നത നിലവാരമുള്ള പാഠ്യപദ്ധതി
- വേദപരിജ്ഞാനവും അനുഭവസമ്പരുമായ അദ്ധ്യാപകർ
- ലൈബ്രറി സൗകര്യം
- സുവിശേഷവേലയിൽ പ്രായോഗിക പരിശീലനം
- താമസം, ഭക്ഷണം, സൗജന്യം

കൂടുതൽ വിവരങ്ങൾക്ക്:
പ്രിൻസിപ്പാൾ, ബെഥേൽ ഭവനം
വലിയ കലവൂർ പി.ഒ., ആലപ്പുഴ.
ഫോൺ: 0477-2125959, 8129719105

ക്ലാസുകൾ 2013 ജൂണിൽ ആരംഭിക്കുന്നു.

ഇന്റർവ്യൂവിന് ക്ഷണിക്കുന്നു. തീയതി ജൂൺ 3-ന് നേരിൽ വരിക.

# ഉപരിപഠനം ഇന്ത്യയിലെ മികച്ച സ്ഥാപനങ്ങളിൽ ... വളരെ മിതമായ ഫീസിൽ....

| | | | | |
|---|---|---|---|---|
| MBBS LEAST PACKAGE* | AERONAUTICAL Rs. 85,000 Per Year | MBA Rs. 80,000 Per Year | B.Sc. (N) Rs. 2.7 Lks. Total Package | POLY TECH. Rs.15,000 Per Sem. |
| BDS 2.5 Lks. x 4 Yrs. | MARINE Rs. 2.6 Lks Per Year | BHM Rs. 20,000 Per Sem. | B. PHARM. Rs. 50,000 Per Year | BA JOURNALISM Rs. 25,000 Per Sem. |
| BAMS 7 Lks. PACKAGE | B.Sc. NAUTICAL Sc. 2.6 Lks Per Year | BBM \| BBA Rs.12,500 Per Sem. | SPEECH & HEARING (BASLP)Rs.60,000 Per Year | FASHION DESIGNING Rs. 15,000 Per Sem. |
| PHARM D. Rs.90,000 / Year | AME AIR CRAFT MAINTENANCE ENGG. Rs.90,000 Per Year | MSW Rs.20,000 Per Sem. | BPT Rs.25,000 Per Year | B.Sc. RADIOLOGY Rs.40,000 Per Year |
| BHMS Rs.95,000 Per Year | MECH/CIVIL/EEE/ECE Rs.55,000 Per Year | MFA \| MIB Rs.50,000 Per Sem | B.Sc. OPTOMETRY Rs.55,000 Per Year | B.Sc. MLT Rs. 35,000 Per Year |
| BNYS LEAST PACKAGE* | B.ARCH Rs.80,000 Per Year | BBM + LLB LEAST PACKAGE | B.Sc.PERFUSION TECH. Rs.57,000 Per Year | MTA Rs.25,000 Per Year |

കോളജുകളിലെ സീറ്റുകളുടെ ലഭ്യത അനുസരിച്ച് ഫീസുകളിൽ മാറ്റം ഉണ്ടാകാൻ സാദ്ധ്യത

● ഇന്ത്യയിലെ പ്രമുഖ കോളേജുകളിൽ ഉന്നത വിദ്യാഭ്യാസത്തിന് മിതമായ ഫീസിൽ അഡ്മിഷൻ. ● അഡ്മിഷൻ എടുക്കുന്ന കുട്ടികളുടെ പഠനകാലയളവിൽ വിശ്വസ്തമായ പിന്തുണ. ● തിരഞ്ഞെടുക്കപ്പെടുന്ന അർഹരായ കുട്ടികൾക്ക് സ്കോളർഷിപ്പ് ● അഡ്മിഷനുമുമ്പായി കോളജുകൾ നേരിട്ട് കാണാനും കോളജുകളിൽ നേരിട്ട് അഡ്മിഷൻ എടുക്കുന്നതിനുമുള്ള സൗകര്യം. ● സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്ക് ഫീസ്സുകൾ തവണകളായി അടയ്ക്കുന്നതിനും ബാങ്ക് ലോൺ സൗകര്യങ്ങളും ക്രമീകരിക്കുന്നു. ● പെന്തെക്കോസ്ത് വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം ● കരിയർ കൗൺസിലേഴ്സിന്റെയും സൈക്കോളജിസ്റ്റിന്റേയും മേൽനോട്ടത്തിൽ നടത്തപ്പെടുന്ന സൗജന്യ കരിയർ കൗൺസിലിംഗ്.



Call @ 9947963438 9847170530

CAREER EDUCATION
WHERE EDUCATION HAS A NEW DIMENSION

1st Floor, Amprayil Bldgs, YMCA Jn. THIRUVALLA
Ph: 0469-2620999, 2606002

Br. Ground Floor, Dist. Co. Operative Bank Bldg., Kuttikanam Ph: 0486-9232322, 9526248472

· CELEBRATING 25 YEARS ·
SATHYAM MINISTRIES
CARE FOR THE BODY & THE SOUL





# സത്യം മിനിസ്ട്രീസ് 25-ാം വാർഷിക സമ്മേളനം

## ക്ഷണക്കത്ത്

പ്രിയ സുഹൃത്തേ,

'അക്ഷരത്തിലൂടെ ആത്മാക്കൾ' എന്ന ലക്ഷ്യവുമായി പ്രവർത്തനം ആരംഭിച്ച സത്യം മിനിസ്ട്രീസ് 2013 മെയ് 5ന് 25-ാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. ജൂബിലിയോടനുബന്ധിച്ച് വിപുലമായ പ്രവർത്തനമുന്നേറ്റങ്ങളാണ് പ്ലാൻ ചെയ്തിരിക്കുന്നത്. ഡോ. സി.വി. വടവന കത്തോലിക്കാ സഭയിൽനിന്നും ലഭിച്ച 153 രൂപ നേർച്ചപ്പണവുമായി തുടക്കമിട്ട ജൈത്രയാത്ര ഇന്ന് ഭാരതത്തിന്റെ വിവിധ കോണുകളിൽ ചെന്നെത്തുന്ന വിപുലമായ ജീവകാരുണ്യ-സുവിശേഷവൽക്കരണ പ്രവർത്തനമായി മാറി.

മെയ് 4ന് ശനിയാഴ്ച രാവിലെ 10 മണിക്ക് തിരുവല്ലാ മനയ്ക്കച്ചിറയിലുള്ള സത്യകൂടാരത്തിൽവച്ച് സ്തോത്രശുശ്രൂഷാ സമ്മേളനം നടക്കും.

കഴിഞ്ഞ 25 വർഷങ്ങൾ ദൈവം നടത്തിയ കൃപയുടെ വഴികൾ ഓർത്ത് നന്ദി പറയുന്നതിനും സഹചാരികളായവരെയൊക്കെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നതിനുമായി നടത്തുന്ന ഈ സമ്മേളനത്തിൽ പങ്കെടുക്കുവാൻ അങ്ങയെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

താങ്കളെ പ്രതീക്ഷിച്ചുകൊണ്ട്

തിരുവല്ല
15-04-2013

സത്യം മിനിസ്ട്രീസ് ടീം
തോട്ടഭാഗം പി.ഒ., തിരുവല്ല
ഫോൺ: 0469-2619209, 9447126182
email: satyam_india@yahoo.com
www.sathyam.org



നാൾവഴികൾ:- മെയ് 5, 1988: സത്യം മിനിസ്ട്രീസ് ബ്രദ. എം.എം. സഖറിയ ഉദ്ഘാടനം ചെയ്യുന്നു. ട്രഷറാർ എ.വി. ജോൺ, കോട്ടയം ജോയി, ആർ. കൃഷ് ണൻകുട്ടി, എന്നിവർ വേദിയിൽ



Dr. C.V. Vadavana & Family

















# SATHYAM MINISTRIES

WE CARE FOR BODY AND SOUL

www.sathyam.org















# കർണ്ണാടകയിൽ ക്രിസ്ത്യാനികളുടെ സേവനം മഹത്തരം



*കന്നട ഭാഷയിലുള്ള ബൈബിൾ റവ. വസന്ത് റെനിക്കിൽ നിന്ന് മുൻ മുഖ്യ മന്ത്രി കുമാരസ്വാമി ഏറ്റുവാങ്ങുന്നു.*

**ബാംഗ്ലൂർ:** കർണ്ണാടകയിലെ ഗവൺമെന്റിന് ചെയ്യുവാൻ കഴിയാത്ത സേവനം കർണ്ണാടകയിലെ ക്രിസ്ത്യാനി സമൂഹം ചെയ്യുന്നു എന്നുള്ളത് ഏറ്റവും അഭിനന്ദാർഹമാണെന്ന് മുൻ കർണ്ണാടക മുഖ്യമന്ത്രിയും ജെ.ഡി.എസ് പ്രസിഡന്റുമായ എച്ച്.ഡി.കുമാരസ്വാമി പറഞ്ഞു. കർണ്ണാടകയിലെ ക്രിസ്തീയ സമൂഹം നേരിടുന്ന വിവിധ വിഷയങ്ങളെ അവലോകനം ചെയ്യുന്നതിനായി നടത്തിയ ചർച്ചയിൽ വിവിധ ക്രൈസ്തവ പെന്തെക്കോസ്ത് സഭാനേതാക്കൾ, ശുശ്രൂഷകന്മാർ, വിവിധ സാമൂഹ്യ പ്രവർത്തകർ, പത്രപ്രവർത്തകർ എന്നിവർ പങ്കെടുത്തു.

കർണ്ണാടകയിലുള്ള 8% വരുന്ന ക്രൈസ്തവ സമൂഹം ചെയ്യുന്ന പ്രവർത്തനത്തിലൂടെ മദ്യപാനത്തിനും, അക്രമത്തിനും മുന്നിട്ടിറങ്ങുന്ന ഗ്രാമീണരുടെ സ്വഭാവങ്ങൾക്ക് വലിയ മാറ്റങ്ങൾ വരുത്തുവാൻ കർണ്ണാടകയിലെ ക്രിസ്തീയ സമൂഹത്തിന് സാധിച്ചിട്ടുണ്ട്. ഒരു ഗവൺമെന്റിനോ, രാഷ്ട്രീയ പാർട്ടികൾക്കോ ചെയ്യുവാൻ കഴിയാത്ത വിലപ്പെട്ട കാര്യങ്ങൾ ക്രൈസ്തവ സമൂഹം ചെയ്യുന്നു എന്നുള്ളത് എടുത്തു പറയേണ്ട കാര്യം എന്നും, ഞാൻ ഈ കാര്യത്തിൽ വളരെ സന്തോഷിക്കുന്നു എന്നും താൻ പ്രസ്താവിച്ചു. ക്രൈസ്തവ സമൂഹത്തിന് തന്റെ എല്ലാവിധ സഹായവും സഹകരണവും ഉണ്ടാകും എന്ന് താൻ ഉറപ്പു നൽകി. വിവിധ പെന്തെക്കോസ്ത് സഭകളെ പ്രതിനിധീകരിച്ച് ഐ.പി.സി.വൈസ് പ്രസിഡന്റ് റ്റി.ഒ.തോമസ്, വസന്ത് റെനിക്ക്, ഡോ.ഏബ്രഹാം റൂബി, തോമസ് വർഗീസ് എന്നിവർ പ്രസംഗിച്ചു. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യായുടെ കന്നഡ ഭാഷയിലുള്ള ബൈബിൾ റവ.വസന്ത് റെനിക്ക് കുമാര സ്വാമിക്ക് സമ്മാനിച്ചു.

## ഫെസ്റ്റിവൽ ഓഫ് ഗ്ലോറി



ബാംഗ്ലൂർ: ക്രൈസ്റ്റ് റിഫ്ളക്ടഡ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 6-ന് എബനേസർ സ്കൂൾ ഓഡിറ്റോറിയത്തിൽ ഫെസ്റ്റിവൽ ഓഫ് ഗ്ലോറി എന്ന പ്രോഗ്രാം നടന്നു. പാസ്റ്റർ പ്രകാശ് കോയമ്പത്തൂർ വർഷിപ്പിന് നേതൃത്വം നൽകി. പാസ്റ്റർ റോയി ജോർജ്ജ് (ഡയറക്ടർ), റിജു സാം (സെക്രട്ടറി) എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

## പി.വൈ.പി.എ. എറണാകുളം മേഖല ക്യാമ്പ്

**എറണാകുളം:** പി.വൈ.പി.എ.മേഖല ക്യാമ്പ് കുളമാവിൽ ഏപ്രിൽ 28-30 വരെ നടന്നു. ക്യാമ്പിൽ 350-ലധികം ആളുകൾ പങ്കെടുത്തു. മാർച്ച് 28ന് തൊടുപുഴ സെന്റർ മിനിസ്റ്റർ പാസ്റ്റർ പി.കെ.രാജൻ ഉൽഘാടനം ചെയ്തു. മേഖല പ്രസിഡന്റ് പാസ്റ്റർ സിജു കെ.തോമസിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമാപന സമ്മേളനത്തിൽ പി.വൈ.പി.എ.സ്റ്റേറ്റ് സെക്രട്ടറി സാബു ചാപ്പ്രത്ത് മുഖ്യ സന്ദേശം നല്കി. ലൈജു, ജോബി ഏബ്രഹാം, പാസ്റ്റർ വത്സൻ പീറ്റർ, ഷിബു എൽഡോസ്, ബേസിൽ ബേബി, ജിജോ, പാസ്റ്റർ ജോർജ്ജ് തോമസ്, പാസ്റ്റർ റോബിൻ ഡേവിഡ്, പാസ്റ്റർ ജയപ്രകാശ് എന്നിവർ നേതൃത്വം നൽകി.

## ഫാമിലി കോൺഫ്രൻസ്

കൊടുമൺ: യു.പി.എഫിന്റെ ആഭിമുഖ്യത്തിൽ മെയ് 1-ന് കൊടുമൺ ടൗൺ ഐ.പി.സി.ചർച്ചിൽ ഫാമിലി കോൺഫ്രൻസ് നടക്കും. പ്രസിഡന്റ് പാസ്റ്റർ എം.വി.ശാമുവേൽ ഉദ്ഘാടനം ചെയ്യും. പ്രവേശനം ഏപ്രിൽ 30 മുമ്പ് ആദ്യം രജിസ്റ്റർ ചെയ്യുന്ന 250 പേർക്ക്. 8943309378


ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും, നിങ്ങളുടെ പണം സുരക്ഷിതമായി നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.





C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി
Chief Life Insurance Advisors.
Corporate Club Member, Chairman's Club Member

തൊഴിലവസരം

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ.,
പത്തനംതിട്ട (Dist).



Asia's First Fully Online Bible College!

FLEXIBLE!
AFFORDABLE!!
ACCREDITED!!!

FAITH REACH INSTITUTE OF THEOLOGY - FRIT

NATA Membership & IGSM* Authorized
